**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **28-01-2026 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം മണ്ഡലത്തിലെ വ്യവസായവകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷക്കാലം വ്യവസായ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയും അല്ലാതെയും ആകെ തുടങ്ങിയ സ്വയം തൊഴിൽ സംരംഭങ്ങളുടെ എണ്ണം 2,780 ആണ്. സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ് പദ്ധതി, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, എം എസ് എം ഇ ഇൻഷുറൻസ് പദ്ധതി എന്നീ പദ്ധതികൾ വഴി സംരംഭകർക്ക് 89,70,200 രൂപയുടെ സബ്സിഡി ലഭ്യമാക്കി. 2022-23 സാമ്പത്തിക വർഷം മുതൽ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഈ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭക ഹെല്പ് ഡെസ്ക് ആരംഭിക്കുകയും അതിനു വേണ്ടി പ്രൊഫഷണൽ യോഗ്യതയുള്ള Interns നെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി 2022-23 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ നിയോജക മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭകർക്ക് വേണ്ടി പൊതു ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംരംഭകരും ബാങ്കുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനും എളുപ്പത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ ലോൺ ലൈസൻസ് മേളയും സംഘടിപ്പിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം മുതൽ റാമ്പ് (RAMP - Raising and Accelerating MSME Performance) പദ്ധതിയുടെ ഭാഗമായി കൈപ്പമംഗലം നിയോജക മണ്ഡലം ഉൾപ്പെടുന്ന കൊടുങ്ങല്ലൂർ താലൂക്ക് വ്യവസായ ഓഫീസ് വഴി സംരംഭകർക്ക് വേണ്ടി ബാങ്കേഴ്സ് മീറ്റ്, സംരംഭകർക്ക് വിവിധ വിഷയങ്ങളിൽ ഉള്ള സംശയ നിവാരണത്തിനായി MSME Clinic, കയറ്റുമതി |

| | | | |
|---|---|---|---|
| | | | ചെയ്യാൻ ആഗ്രഹിക്കുന്ന സംരംഭകർക്ക് വേണ്ടി Export Workshop എന്നിവയും സംഘടിപ്പിച്ചു. കൂടാതെ, ജില്ലാ അടിസ്ഥാനത്തിൽ സംരംഭകർക്ക് വേണ്ടി നടത്തുന്ന ടെക്നോളജി ക്ലിനിക്ക്, ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, സംരംഭകത്വ വികസന പരിപാടി തുടങ്ങിയ പരിശീലന പരിപാടികളിൽ നിയോജക മണ്ഡലത്തിലെ സംരംഭകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 85 കോടി രൂപയുടെ നിക്ഷേപവും 4577 തൊഴിലവസരങ്ങളും ഉണ്ടായിട്ടുണ്ട്. |
| (ബി) | എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കൈതോല കൃഷി വ്യാപനവും, പുനരുദ്ധാരണവും എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ കൈതോല കൃഷി വ്യാപനവും, പുനരുദ്ധാരണവും എന്ന പ്രവർത്തിക്കായി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ അടങ്കൽ കണക്കാക്കി 20% തുക വകയിരുത്തിയും, നിർവ്വഹണ ചുമതല തൊഴിൽവകുപ്പിൽ നിന്നും വ്യവസായ വകുപ്പിന് കൈമാറിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുണ്ട്. ഭൗമപരമായി തഴപ്പായ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട സ്ഥലമാണ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലുള്ള എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രദേശം. ടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മാർക്കറ്റ് കോമ്പൗണ്ടിലുള്ള കെട്ടിടത്തിന്റെ മുകളിലായി ട്രസ് വർക്ക് ചെയ്ത്, തഴ ഉത്പന്നങ്ങൾ നിർമ്മിച്ച 100 പേർക്ക് പരിശീലനം നൽകുന്നതിനുള്ള വർക്ക് ഷെഡ്ഡും, അനുബന്ധ ഓഫീസും ഉപകരണങ്ങളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും, പരിശീലനം നടത്തുന്നതിനായി Kottappuram Integrated Development Society' (KIDS) -യുടെ സഹായം തേടുന്നതിനും വേണ്ടി കൈപ്പമംഗലം എം.എൽ.എ. - യും, എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രതിനിധികളും, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും KIDS- ൽ നിന്നുള്ള പ്രതിനിധികളും ചേർന്ന് ഒരു യോഗം ചേരുകയും ടി യോഗ തീരുമാനപ്രകാരം പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കാൻ എടവിലങ്ങ് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറെയും, പരിശീലനം നൽകുന്നതിനുള്ള എസ്റ്റിമേറ്റ് നല്കാൻ KIDS -നെയും ചുമതലപ്പെടുത്തുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ